[Hon'ble Mr. A. J. John]

യുടെ ഉദ്ദേശങ്ങളും സാധിതപ്രായമാകുന്നതിലേക്ക് ആ സംഘടനയിൽ ചേർന്നിട്ടുള്ള എല്ലാ രാജ്യങ്ങളിലും ആ സംഘടനയ്ക്ക് പ്രത്യേക അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഉണ്ടായിരിക്കണം എന്നുള്ളതാണ്.

ഈ ബില്ലിനെപ്പറ്റി അധികം തന്നെ എതിരഭിപ്രായം പറയാൻ ഇല്ലെന്നു വിശ്വസിക്കുന്നു. ഈ ബില്ല്, യുണൈറ്റഡ് നേഷൻസ് (ഡെക്ലറേറ്റിക്കൗൺസിൽ) ബിൽ അയച്ചിട്ടുള്ള സെലക്ട് കമ്മറ്റിക്കു തന്നെ അയയ്ക്കേണ്ടതായിരിക്കുന്നു. അതുകൊണ്ട് താഴെ ചേർക്കുന്ന അംഗങ്ങളടങ്ങിയ സെലക്ട് കമ്മറ്റിയിലേക്ക് ഈ ബിൽ അയയ്ക്കുവാൻ സഭ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു:—

സെലക്ട് കമ്മിറ്റി അംഗങ്ങൾ.

1. മിസ്റ്റർ ഇ. ഭാസ്കരൻ
2. ,, കൃഷ്ണൻ അയ്യപ്പൻ
3. ,, എസ്. നീലകണ്ഠയ്യർ
4. ,, കെ. എ. ഗംഗാധരമേനോൻ
5. ,, പട്ടം എ. താണുപിള്ള
6. ,, പി. ബാലകൃഷ്ണൻ തമ്പി
7. ,, ഇ. പി. പൗലോസ്

സെലക്ട് കമ്മിറ്റി ഈ ബില്ലിനെപ്പറ്റിയുള്ള റിപ്പോർട്ട് ഒരു മാസത്തിനകം അയയ്ക്കണമെന്നും കമ്മിറ്റിയുടെ കോറം നാലായിരിക്കണമെന്നും കൂടി ഞാൻ അഭിപ്രായപ്പെടുന്നു.

HON'BLE MR. N. KUNJURAMAN: I second it.

The motion was put to vote and carried.

THE INTERNATIONAL MONETARY FUND AND BANK BILL.

HON'BLE MR. A. J. JOHN: I beg to introduce the International Monetary Fund And Bank Bill and move that the Bill be taken into consideration.

HON'BLE MR. N. KUNJURAMAN: I second it.

The question whether the Bill be taken into consideration was put and carried.

HON'BLE MR. A. J. JOHN: ഈ ബില്ലിന്റെ ഉദ്ദേശം മലയാളത്തിൽ പറയുന്നതിനു പ്രയാസമാണ്. അതുകൊണ്ട് ഇതു മുഴുവൻ ഇംഗ്ലീഷിൽത്തന്നെ വായിക്കാമെന്നു വിചാരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5 98 03

R. THARIATHU KUNJITHOMMAN: അതിന്റെ പുരുക്കം മലയാളത്തിൽ പറഞ്ഞാൽമതി. അല്ലെങ്കിൽ കഥ അറിയാതെ ആട്ടം കാണുന്നതുപോലെയാണു്.

HON'BLE MR. A. J. JOHN: At the Bretton Woods Conference of the United Nations in July 1944 two important agreements were arrived at as the final act of the Conference.

They are: (i) An agreement (called the Fund Agreement) for the establishment and operation of an International Fund called the *International Monetary Fund* (referred to as the International Fund)

(ii) Another agreement (called the Bank Agreement) for the establishment and operation of an International Body called the International Bank for Reconstruction and Development (referred to as the International Bank).

For the purpose of implementing these provisions the Governor-General of India passed an Ordinance on account of emergency. By the Ministry of Finance Notification dated 23rd December 1947, the Reserve Bank of India is invested with certain powers to callfor sreturns from persons, firms and companies regarding their foreign assets and liabilities. Legislation on the lines of the International Monetary Fund and Bank Ordinance 1945 is required here also so as to impose statutory obligations on persons in Travancore to furnish the requisite returns etc.

ഇൻഡ്യാഗവണ്മെൻറുമായുള്ള ഒരു കാൺഫറൻസിലെ ഒരു തീരുമാനം അനുസരിച്ചു് ഈ തിരുവിതാംകൂർ ഇൻഡ്യാഗവണ്മെൻറിന്റെ ഒരു ഘടകമായി തീർന്നിരിക്കുകയാണു്. തിരുവിതാംകൂറിലുള്ള ആളുകൾ മുടക്കിയിട്ടുള്ള അല്ലെങ്കിൽ നിക്ഷേപിച്ചിട്ടുള്ള പണം തിരിച്ചു കിട്ടുന്നതിനു് വേണ്ട സൗകര്യങ്ങളെ ഉദ്ദേശിച്ചുള്ളതാണു്. എന്നാൽ ആ തുകകൾ ഗവണ്മെൻറിനോടാവശ്യപ്പെടാതെ റിസർവുബാങ്കു് മുഖാന്തരമാണു് നമുക്കു് ഇടപാടുകൾ നടത്തേണ്ടതു്. അതിലേക്കു റിസർവ്വ് ബാങ്കിൽ നിന്നും വിദേശത്തുള്ള നിക്ഷേപങ്ങളുടെ കണക്കുകൾ ആവശ്യപ്പെടുമ്പോൾ ഈ തിരുവിതാംകൂർ ഇൻഡ്യാ ഗവണ്മെൻറിന്റെ ഒരു ഘടകമായി തീർന്നിരിക്കുന്നതുകൊണ്ടു് ഇൻഡ്യാഗവണ്മെൻറു് തിരുവിതാംകൂറിനോടു് അവിടെ ഉണ്ടാക്കിയ മാതിരി ഇവിടെയും ഒരു ബിൽ പാസ്സാക്കുന്നതിനു് ആവശ്യപ്പെടുകയുണ്ടായി. റിസർവ്വ് ബാങ്കു് തിരുവിതാംകൂർ ഗവണ്മെൻറിനോടു് അപ്രകാരം ഒരു കണക്കു് ആവശ്യപ്പെട്ടാൽ തിരുവിതാംകൂറിലെ ആളുകൾക്കും അപ്രകാരം ഒരു കണക്കു് റിസർവ്വ ബാങ്കിനു് കൊടുക്കത്തക്കവിധത്തിലുള്ള ഒരു ബിൽ ഉണ്ടാക്കണമെന്നാണു് ഇതുകൊണ്ടു് ഉദ്ദേശിക്കുന്നതു്:

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. A. J. John]

സ്റ്റാൻഡിംഗ് ആർഡർ നമ്പർ—(31) വകുപ്പ് അനുസരിച്ച് ഈ ബിൽ ഇപ്പോൾതന്നെ പാസ്സാക്കി നിയമമാക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

HON'BLE MR. N. KUNJURAMAN: ഞാൻ അതിനെ പിൻതാങ്ങുന്നു

HON'BLE MR. A. J. JOHN: I move that the Bill be taken into consideration at once under Standing Order No. 31 (a).

The question whether the Bill be taken into consideration at once was put and carried.

The question whether clauses 1 and 2 stand part of the Bill was put and carried.

The clauses were added to the Bill.

The question whether the preamble and the title stand part of he Bill was put and carried.

The preamble and the title were added to the Bill.

HON'BLE MR. A. J. JOHN; I move that the Bill be passed.

HON'BLE MR. N. KUNJURAMAN: I second it.

The question that the Bill be passed was put and carried.

The Bill was passed

THE TRAVANCORE RAILWAYS ACT REPEALING BILL

MR. PRESIDENT The next Bill is The Travancore Railways. Act Repealing Bill.

HON'BLE MR. A. J. JOHN I do not move it.

ANNOUNCEMENT OF THE RESULT OF THE ELECTION TO THE CONSTITUENT ASSEMBLY OF INDIA

MR. PRESIDENT: ഇൻഡ്യൻ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലേക്ക് തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശപത്രിക പരിശോധിച്ചതിൽ മിസ്സ് അനിമസ് ക്രീന്റെ നാമനിർദ്ദേശം മാത്രം വന്നിരിക്കകൊണ്ടും ആ നാമനിർദ്ദേശം സാധുവാണെന്നു കണ്ടതുകൊണ്ടും മിസ്സ് അനിമസ് ക്രീനെ ഇൻഡ്യൻ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലേക്ക് ഒരു പ്രതിനിധിയായി തെരഞ്ഞെടുത്തു എന്നുള്ള വിവരം പ്രസ്താവിച്ചുകൊള്ളുന്നു.

Now the House is adjourned *sine die*.

The House adjourned *sine die* at 3. 30 P. M.

V. KRISHNAMOORTHI AIYAR,
Secretary to the Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly